(ഡി) വായ്പ കുടിശ്ശികകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കേണ്ടത് റിസർവ് ബാങ്കിന്റെ നിർദ്ദേങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന ബാങ്കുകളാണ്. ഇത്തരത്തിൽ ജോലി നഷ്ടപ്പെട്ട് തിരികെയെത്തിയവരുടെ വായ്പ തിരിച്ചടവ് സംബന്ധിച്ച് മുദ്രസമീപനം സ്വീകരിക്കണമെന്ന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട നോർക്ക വകുപ്പുമന്ത്രിയും അഭ്യർത്ഥിച്ചിട്ടുണ്ട്.

പ്രവാസി ക്ഷേമ പദ്ധതികൾ

73 (3275) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല പ്രവാസി ക്ഷേമ പദ്ധതികൾ മുടങ്ങിപ്പോയതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ ;

(ബി) പ്രവാസി ചികിത്സാ സഹായം സർക്കാർ അനുവദിച്ചിട്ടും അപേക്ഷകർക്ക് നല്കാതിരിക്കുന്നത് എന്തുകൊണ്ടാണ് ;

(സി) പ്രവാസി പുനരധിവാസ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിൽ ബാങ്കുകൾ സഹകരിച്ചില്ലെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയെ തുടർന്നും ഇക്കാര്യത്തിൽ പുരോഗതിയുണ്ടായില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) പ്രവാസികളുടെ ക്ഷേമപദ്ധതികൾ മുടങ്ങിപ്പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നോർക്ക-റൂട്ട്സ് വഴി നടപ്പാക്കുന്ന സാന്ത്വന പദ്ധതി പ്രകാരം തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് നിബന്ധനകൾക്ക് വിധേയമായി ചികിത്സാ സഹായം അനുവദിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹമാകുന്നതിനുള്ള വരുമാനപരിധി 25,000 രൂപയിൽനിന്നും 1,00,000 രൂപയായും നൽകി വന്നിരുന്ന ധനസഹായം പരമാവധി ഒരുലക്ഷം രൂപയായും വർദ്ധിപ്പിക്കുകയും തൽഫലമായി അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനെത്തുടർന്ന് ലഭ്യമായ ഫണ്ട് ഉപയോഗിച്ച് എല്ലാ അപേക്ഷകർക്കും യഥാസമയം ധനസഹായം നൽകാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

2015-16-ൽ 307 ലക്ഷം രൂപയാണ് സാന്ത്വന പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിയിൽ 2014-15 വർഷം 2124 ഗുണഭോക്താക്കൾക്കായി 9,67,84,000 രൂപയും 2015-16 വർഷം നാളിതുവരെ 1199 ഗുണഭോക്താക്കൾക്കായി 6,26,56,000 രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. 2014 നവംബർ 20-ാം തീയതി വരെ സർക്കാർ ഉത്തരവ് ലഭിച്ച ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക നിവാരണം ചെയ്യുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിലേക്കായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) തിരികെയെത്തിയ പ്രവാസി മലയാളികളുടെ പുനരധിവാസം മുൻനിർത്തി ആരംഭിച്ച സ്വയം തൊഴിൽ വായ്പാപദ്ധതിയായ NDPREM പദ്ധതി നടത്തിപ്പിന് മുൻവർഷം കാനറാ ബാങ്കും യൂണിയൻ ബാങ്കും മാത്രമാണ് സഹകരിച്ചിരുന്നത്. പദ്ധതിയുമായി സഹകരിക്കുന്നതിന് ബാങ്കുകളോട് എസ്.എൽ.ബി.സി. യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട നോർക്ക വകുപ്പുമന്ത്രിയും അഭ്യർത്ഥിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കാനറാ ബാങ്ക്, യൂണിയൻ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകളുമായി 2015 നവംബർ 23-ന് ധാരണാപത്രം ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എസ്.ബി.റ്റി. ഉൾപ്പെടെയുള്ള കൂടുതൽ ബാങ്കുകൾ പദ്ധതിയുമായി സഹകരിച്ച് മുന്നോട്ടുവന്നിട്ടുണ്ട്. വായ്പാ ശിപാർശകൾക്ക് അർഹരാണെന്ന് കണ്ടെത്തിയവർക്ക് വായ്പ അനുവദിക്കുന്നതിനായി ബാങ്കുകൾ നിർദ്ദേശിക്കുന്ന ബ്രാഞ്ചുകളിലേക്ക് അവരുടെ അപേക്ഷകൾ അയയ്ക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജനുവരി ഒന്നുമുതൽ ഓൺലൈൻ വഴി ലോണിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രവാസി പുനരധിവാസ പദ്ധതി

74 (3276) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിതാഖത്ത്മൂലം മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസത്തിനായി പ്രഖ്യാപിക്കപ്പെട്ട പുനരധിവാസ പദ്ധതികളുടെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

2013 ഏപ്രിൽ ഒന്നുമുതൽ സൗദി അറേബ്യയിൽ നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് തിരികെ എത്തുന്നവരുടെ വിവരശേഖരണത്തിനായി കേരളത്തിലെ എയർപോർട്ടുകളിൽ ഹെൽപ്പ് ഡെസ്കുകളും കൂടാതെ ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിരുന്നു. ഇവയിലൂടെ 22634 പേർ സൗദി

LIBRARY ARCHIVES Kerala Legislative Assembly